പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1383 | 30.09.2011- ൽ മറുപടിയ്ക്ക്

## ജൈവ വളം പ്രോത്സാഹിപ്പിക്കാനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. മാത്യു റ്റി തോമസ് :<br>ശ്രീ. സി.കെ. നാണു : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര സർക്കാർ രാസവള സബ്സിഡി കുറച്ചതിനാലും വില നിയന്ത്രണാധികാരം കമ്പനികൾക്ക് നൽകിയതിനാലും ഉടലെടുത്തിരിക്കുന്ന വളക്ഷാമവും വില വർദ്ധനവും മൂലം കർഷകരും കാർഷിക മേഖലയും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) നെല്ല്, തെങ്ങ്, വാഴ തുടങ്ങിയ പ്രധാന വിളകൾക്ക് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സബ്സിഡി നൽകിവരുന്നുണ്ട്. നെൽകർഷകർക്ക് ഹെക്ടറിന് 1500/- രൂപ ക്രമത്തിൽ സുസ്ഥിര നെൽകൃഷി പദ്ധതിയിൽ രാസവളം ഉൾപ്പെടെയുള്ള ഉപാധികൾക്ക് ധനസഹായം നൽകുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരമുള്ള പദ്ധതികളിലും നെൽ കർഷകർക്ക് രാസവളം സബ്സിഡിയിൽ വിതരണം ചെയ്യുന്നുണ്ട്. നാളികേര വികസന ബോർഡിന്റെ പദ്ധതി നടപ്പിലാക്കുന്ന കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ നാളികേര കർഷകർക്ക് സൗജന്യമായി വളം വിതരണം ചെയ്യുന്നുണ്ട്. |
| ബി) രാസവളത്തിന്റെ വില വർദ്ധനവ് മൂലം ജൈവവളം പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഉണ്ട്. |
| സി) എങ്കിൽ ജൈവവളം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (സി) സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ വഴി മണ്ണിരകമ്പോസ്റ്റ്, ചകിരിച്ചോർ കമ്പോസ്റ്റ് എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾക്ക് സബ്സിഡി അനുവദിച്ച് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. |

...ന്റ ലഭ്യതയും ...ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഡി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാന സർക്കാർ പദ്ധതികൾ ജനകീയാസൂത്രണ പദ്ധതികൾ വഴി ജൈവവളം സബ്സിഡി നിരക്കിൽ നൽകി വരുന്നുണ്ട്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ജൈവവളങ്ങൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്ന സ്ഥാപനങ്ങൾക്ക് FCO പ്രകാരം രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്ന് മാനുഫാക്ചറിംങ് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. FCO യിൽ ഉൾപ്പെടാത്ത ജൈവ വളങ്ങൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണെന്നുള്ള കാര്യവും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്ന ജൈവ വളങ്ങളുടെ സാമ്പിളുകൾ ഫെർട്ടിലൈസർ ഇൻസ്പെക്ടർ കൂടിയായ കൃഷി ഓഫീസർ അംഗീകൃത ഡിപ്പോകളിൽ നിന്നും ശേഖരിക്കുകയും പരിശോധനയ്ക്കായി സ്റ്റേറ്റ് ലബോറട്ടറികളിലേക്ക് അയയ്ക്കുകയും ഗുണമേന്മ ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ